# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

വാല്യം 17 | ജൂലൈ 2020 | ലക്കം 7




**ജൂലൈ 3**

## ദുക്റാന തിരുനാൾ

# മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മ്യൂസിയം













# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ


Volume : 17
Issue No. : 7
Month : July 2020






*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. George Thakadiyel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Blueline Cheruthony



*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com
bpjohnnelli@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| സഭാദിനം | 05 |
| യുവജനദിനം 2020 | 14 |
| രൂപതക്കച്ചേരി | 18 |
| ക്രിസ്തുജ്യോതി | 28 |
| ചെറുപുഷ്പ മിഷൻലീഗ് | 29 |
| കെ.സി.വൈ.എം. | 30 |
| മാതൃവേദി | 31 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 32 |
| BISHOP'S ENGAGEMENTS | 34 |


**"Prayer arises from the conviction that life is not something that takes us by surprise, but a stupefying mystery that inspires in us poetry, music, gratitude, praise, even lament and supplication"**

*Pope Francis, Tweet, 24-06-2020*

# ഓർമ്മിക്കാൻ

## ജൂലൈ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 03 | : | സഭാദിനം, മാർത്തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാൾ |
| 11 | : | വി. ബെനഡിക്ട് |
| 15 | : | വി. കുര്യാക്കോസും വി. ജൂലിറ്റായും |
| 16 | : | കർമ്മലമാതാവ് |
| 17 | : | കർത്താവിന്റെ എഴുപത് ശിഷ്യന്മാർ |
| 19 | : | കൈത്താക്കാലം ആരംഭിക്കുന്നു,<br>പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ |
| 22 | : | വി. മഗ്ദലേന മറിയം |
| 25 | : | വി. യാക്കോബ് ശ്ലീഹ |
| 26 | : | വി. ജോവാക്കിമും വി. അന്നായും |
| 27 | : | വി. അൽഫോൻസ |
| 29 | : | വി. മർത്താ |
| 31 | : | മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി,<br>വി. ഇഗ്നേഷ്യസ് ലയോള |

C. 17. ഇടയലേഖനം

# സഭാദിനം ജൂലൈ 3, 2020

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ദുക്റാനാതിരുനാൾ ദിനമായ ജൂലൈ മൂന്ന് ഒരിക്കൽ കൂടി സമാഗതമാകുന്നു. ഈ ദിവസം നാം സീറോമലബാർ സഭാദിനമായും ആഘോഷിക്കുകയാണല്ലോ. ദുക്റാനാ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ തിരുനാളാണ്. വിശ്വാസത്തിന്റെ കൈമാറ്റം വഴിയാണ് നാം മാർതോമാശ്ലീഹായോട് ബന്ധപ്പെട്ടിരിക്കുന്നതും അദ്ദേഹത്തെ നമ്മുടെ പിതാവായി മഹത്വപ്പെടുത്തുന്നതും. ഉത്ഥിതനായ ഈശോയുടെ തിരുവിലാവ് ദർശിച്ച തോമാശ്ലീഹായുടെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' (മാറ് വാലാഹ്) എന്ന ഉദീരണം സുവിശേഷങ്ങളിൽ ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനമായി നിലകൊള്ളുന്നു. 'കർത്താവേ', 'ദൈവമേ' എന്ന രണ്ടുവിളികളും ഈശോയുടെ ദൈവത്വത്തെ സൂചിപ്പിക്കുന്നവയാണ്. മനുഷ്യനായി ജീവിച്ചു മരിച്ച് ഉത്ഥാനം ചെയ്ത ഈശോ ദൈവവുമാണ് എന്ന പ്രഖ്യാപനമാണ് തോമാശ്ലീഹ നടത്തിയത്. ഇതിനുസമാനമായ വി. പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം, 'നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു' എന്നതായിരുന്നു. പത്രോസിന്റെ ഈ പ്രഖ്യാപനം കർത്താവിന്റെ പരസ്യജീവിത

ത്തിന്റെ മധ്യത്തിലായിരുന്നു; തോമാശ്ലീഹായുടേത് ഈശോയുടെ ഉത്ഥാനത്തിനുശേഷവും. ഉത്ഥാനശേഷം വി. പത്രോസ് നടത്തിയത് ഈശോയോടുള്ള സ്നേഹത്തിന്റെ പ്രഖ്യാപനമായിരുന്നു. ഈ സ്നേഹപ്രഖ്യാപനത്തിൽ ഉത്ഥിതനായ മിശിഹായിലുള്ള വി. പത്രോസിന്റെ പൂർണമായ വിശ്വാസസമർപ്പണവും ഉൾക്കൊണ്ടിരുന്നു. വിശ്വാസത്തിന്റെ സഫലീകരണമാണ് സ്നേഹം. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണു നമ്മെ രക്ഷിക്കുന്നതെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. തോമാശ്ലീഹായിലൂടെ കൈമാറിക്കിട്ടിയ വിശ്വാസം സ്നേഹത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുന്ന ഒരു സമൂഹമാണ് നമ്മുടേത്. കൊറോണ ബാധയുടെ ഈ കാലത്ത് അതു കൂടുതൽ സജീവമാക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിരിക്കുന്നു.

**ജീവിത നവീകരണം**

കൊറോണക്കാലം പല ജീവിതനവീകരണ സാധ്യതകളും നമുക്ക് തുറന്നു നൽകിയിട്ടുണ്ട്. കാലങ്ങളായി സഭ ചിന്തിച്ചുകൊണ്ടിരുന്നതും പലതലങ്ങളിൽ നിന്നും ഉന്നയിക്കപ്പെട്ടിരുന്നതുമായ ജീവിതലാളിത്യം സ്വീകരിക്കുവാനുള്ള ആവശ്യബോധം ഇന്ന് നമുക്കുണ്ടാകുന്നു. ഈ വർഷവും അടുത്ത വർഷങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ തലങ്ങളിലും ചെലവു ചുരുക്കലിന്റെ കാലമായിരിക്കണം. ധൂർത്തും ആർഭാടവും നമ്മുടെ ജീവിതശൈലിയിൽ നിന്ന് അകലണം. ഉടനേ പുതിയ നിർമ്മാണപദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കണം. ഇടവകകളും സ്ഥാപനങ്ങളും തുടങ്ങിവച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ സാവകാശം പൂർത്തിയാക്കിയാൽ മതി എന്ന സംയമനമനോഭാവം നമുക്കുണ്ടാകണം. നിർബന്ധിത പണപ്പിരിവുകൾ നടത്താതിരിക്കാൻ നമുക്കു തീരുമാനമെടുക്കാം. ഒരുവിധ സമ്മർദ്ദവുമില്ലാതെ ജനങ്ങൾ സ്വമേധയാ നൽകുന്ന നേർച്ചകളും സംഭാവനകളും മാത്രം വിനിയോഗിച്ചുകൊണ്ട് സഭാ കൂട്ടായ്മയുടെ ആവശ്യങ്ങൾ നമുക്കു നിർവഹിക്കാം. സഭാശുശ്രൂഷകളുടെയും ധ്യാനപ്രസംഗങ്ങളുടെയും തിരുനാളുകളു

ടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പരസ്യങ്ങളും ആഘോഷങ്ങളും നമുക്കു നിറുത്തലാക്കാം. വ്യക്തി പരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കും വേണ്ടി നിർമ്മാണങ്ങളും പരിപാടികളും ആസൂത്രണം ചെയ്യുന്നത് ഉചിതമല്ല. സഭയിലെ ആവശ്യങ്ങളുടെ നിർവഹണം സഭാ മക്കളുടെ കൂട്ടായ്മയുടെ പൊതുവായ ആത്മീയചിന്തയിൽ നിന്ന് ഉയിർകൊള്ളുന്നതാകട്ടെ.

വ്യക്തികളും സഭാ സംവിധാനങ്ങളും ആവശ്യത്തിൽ കവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ സഭയുടെ മുഖം ദരിദ്ര മാകട്ടെ. സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യ ങ്ങൾക്കും വേണ്ടി യഥാസമയം വേണ്ടത് നൽകുവാൻ തക്ക വിശ്വാസതീക്ഷ്ണത നമ്മുടെ സഭാമക്കൾക്കുണ്ട്. സഭ തങ്ങളുടേതാ ണെന്നും തങ്ങളാണ് സഭയെന്നും സഭാശുശ്രൂഷകരുടെ ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമു ണ്ടെന്നും നമ്മുടെ ജനം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ ശൈലി സഭയിൽ സംജാതമാകട്ടെ. ദൈവസ്നേഹ പ്രേരിതമായ കാരുണ്യപ്രവർത്തനങ്ങളായിരിക്കണം സഭയുടെ മുഖമുദ്ര. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യക്ഷേമം എന്നീ മേഖലകളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കാരുണ്യസ്പർശം കൊണ്ട് ഉത്തമ ക്രൈസ്തവസാക്ഷ്യങ്ങളായിത്തീരട്ടെ. കോവിഡു കാലത്ത് ഇടവകകളും സ്ഥാപനങ്ങളും രൂപതകളുടെ സാമൂഹ്യ ക്ഷേമ വിഭാഗങ്ങളും മറ്റ് സംഘടനകളും ചെയ്യുന്ന നിസ്തുലമായ സേവനങ്ങൾക്ക് ഞാൻ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**കൊറോണക്കാലത്തെ ആരാധനാകർമ്മങ്ങൾ**

2020 കോവിഡുവർഷമായി ലോകചരിത്രത്തിൽ അറിയപ്പെടു മെന്ന് തോന്നുന്നു. ഈ വർഷാവസാനംവരെയെങ്കിലും കൊറോണ വൈറസിന്റെ ആക്രമണം ലോകജനതയ്ക്കു നേരിടേണ്ടിവരും.

അതിനാൽ രോഗത്തിന്റെ സമൂഹവ്യാപനം ഏതുവിധേനയും തടയേണ്ടത് മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. ഈ ഉത്തരവാദിത്വബോധം എല്ലാവരിലുമുണ്ടാകുവാൻ നാം കഠിനമായി പരിശ്രമിക്കണം. മനുഷ്യജീവിതത്തെ സാധാരണ ഗതിയിലാക്കിക്കൊണ്ടുതന്നെ രോഗനിയന്ത്രണം സാധിക്കുക എന്ന നയമാണ് ഈ രണ്ടാം ഘട്ടത്തിൽ രാജ്യങ്ങളെല്ലാം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ രാജ്യവും ഇതേ സമീപനമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ലോക്ഡൗണിൽ ഇളവുകൾ ക്രമാനുഗതമായി നൽകപ്പെടുന്നു. വ്യാപാരസ്ഥാപനങ്ങൾ, ഫാക്ടറികൾ, സർക്കാർ ഓഫീസുകൾ മുതലായവ ഏതാണ്ട് പൂർണ്ണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു. സ്വകാര്യ വാഹനഗതാഗതം ഏറെക്കുറെ പൂർണ്ണതോതിൽ ആയി. നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണമില്ല. ജൂൺ 09 മുതൽ ആരാധനാലയങ്ങൾ തുറന്ന് പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതിന് അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ, ഇളവുകളെല്ലാം അനുവദിക്കുമ്പോഴും രോഗവ്യാപനം തടയുന്നതിനുള്ള കർശനമായ നിബന്ധനകളും സർക്കാരുകൾ നൽകുന്നുണ്ട്. സഭാമക്കളായ നാമെല്ലാവരും അവയെല്ലാം കണിശമായി പാലിച്ച് രാജ്യത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അനുമതി ലഭിച്ചുവെന്നതിന്റെ പേരിൽ എല്ലാവരും എപ്പോഴും ആരാധനാകർമ്മങ്ങളിൽ സംബന്ധിക്കുവാൻ തിടുക്കം കൂട്ടുന്നത് ഈ സാഹചര്യത്തിൽ ശരിയാകില്ല. ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്ന ദൈവാലയങ്ങൾക്ക് നിബന്ധനകൾ പാലിച്ചുകൊണ്ട് അതേ രീതി തുടരാം. ഇതുവരെയും ആരാധനാശുശ്രൂഷകൾ പുനരാരംഭിക്കാത്ത ദൈവാലയങ്ങളിൽ അവ തുടങ്ങുമ്പോഴും രോഗ വ്യാപനനിയന്ത്രണത്തിനുവേണ്ട മുൻകരുതലുകൾ എടുത്തേ തീരൂ. ഈ വിഷയത്തിൽ നമുക്ക് യാതൊരുവിധ ഉദാസീനതയും ഉണ്ടാകരുത്. രോഗവ്യാപനത്തിന്റെ പുതിയ സാധ്യതകൾ എവിടെയെങ്കിലുമുണ്ടെന്നറിഞ്ഞാൽ, ആരാധ

നാലയങ്ങൾ വീണ്ടും അടച്ചുകൊണ്ട് വൈദികരും ജനങ്ങളും ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുസമൂഹം സാധാരണ ജീവിതശൈലിയിലേയ്ക്ക് വരുന്നതോടൊപ്പം സഭാമക്കളുടെ കൗദാശികജീവിതം ക്രമേണ സാധാരണഗതിയിലേയ്ക്ക് വരണമെന്നതാണ് നമ്മുടെ ലക്ഷ്യം.

**ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ**

ആത്മീയതയ്ക്കു വിരുദ്ധമായി നമ്മുടെ ജീവിതത്തിൽ കടന്നുകൂടിയ സമീപനങ്ങളെയും പ്രവർത്തനങ്ങളെയും ഉപേക്ഷിച്ചു സംശുദ്ധമായ ക്രൈസ്തവസാക്ഷ്യം നൽകുവാൻ കോവിഡുകാലത്തിന്റെ അനുഭവം നമ്മെ കൂടുതൽ പ്രേരിപ്പിക്കണം. സഭയിൽ നേതൃത്വശുശ്രൂഷയിലുള്ള വൈദികരും സമർപ്പിതരും അൽമായരും ശരിയായ ക്രൈസ്തവസാക്ഷ്യം നൽകുന്നതിൽ ദത്തശ്രദ്ധരായിരിക്കണം. ലോക്ഡൗൺ കാലത്ത് വീടുകളിൽ കഴിഞ്ഞിരുന്നതുകൊണ്ട് കൂടുതൽ വ്യക്തിപരമായി പ്രാർത്ഥിക്കുവാനും കുടുംബപ്രാർത്ഥന ക്രമമായി ചൊല്ലുവാനും ഏവർക്കും സാധിച്ചുവല്ലോ. ഓൺലൈൻ കുർബാനയർപ്പണങ്ങളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ സാധിച്ചു. ഈ പ്രാർത്ഥനാനുഭവത്തോടൊപ്പം കുട്ടികളുടെ വിശ്വാസപരിശീലനവും ഓൺലൈനിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. മുതിർന്നവർക്കും വിശ്വാസവിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാകുന്നതിന് ഈ അവസരത്തെ പ്രയോജനപ്പെടുത്താവുന്നതാണ്.

വിശ്വാസജീവിതത്തിന് നിരക്കാത്ത എല്ലാ പ്രവണതകളെയും നമ്മിൽ നിന്ന് അകറ്റുവാൻ പരിശ്രമിക്കാം. മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം, മനുഷ്യജീവന് എതിരെയുള്ള അക്രമങ്ങൾ, സാമൂഹ്യ മാധ്യമങ്ങളിലൂടെയും അല്ലാതെയും മറ്റുള്ളവരുടെ സ്വകാര്യതയ്ക്കെതിരെയുള്ള കടന്നുകയറ്റം, ഇതരർക്ക് അപകീർത്തി വരുത്തുന്ന പ്രചരണങ്ങൾ, ലൈംഗികതയുടെ എല്ലാത്തരത്തിലുമുള്ള ദുരുപയോഗം മുതലായ തിന്മകൾക്കു വിധേയരാകാതിരിക്കാൻ

നാം ജാഗ്രത പാലിക്കണം. നന്മയിൽ കൂടുതൽ വളരുന്നതുവഴിയാണ് തിന്മയെ അതിജീവിക്കുവാൻ സാധിക്കുന്നത്. സംശുദ്ധമായ സ്നേഹവും കാരുണ്യവും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും വളർത്തിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ കഴിയുന്നിടത്തോളം സഹായിക്കാം. പ്രവാസികൾ ഇപ്പോഴും നാട്ടിലേയ്ക്ക് തിരിച്ചു വന്നുകൊണ്ടിരിക്കുകയാണല്ലോ. അവർക്ക് ആവശ്യകമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ സർക്കാരിനോടൊപ്പം നാം സന്നദ്ധരാകണം. പ്രവാസികളുടെ മക്കൾക്ക് ആവശ്യകമായ സ്കൂൾ-കലാലയ വിദ്യാഭ്യാസ സൗകര്യങ്ങൾ കഴിവതും ഏർപ്പെടുത്തിക്കൊടുക്കുവാൻ സഭാസ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

വംശീയ വിവേചനം ഇന്ന് സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടിക്കുന്നുണ്ട്. എക്കാലത്തുമുണ്ടായിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ ലോകരാഷ്ട്രങ്ങൾക്കു സാധിച്ചിരുന്നതാണ്. എന്നാൽ അടുത്ത കാലത്ത് അതു വീണ്ടും പലപല രീതികളിൽ രംഗപ്രവേശം ചെയ്യുന്നതായിട്ട് കാണുന്നു. മനുഷ്യത്വത്തിന് നിരക്കാത്ത ഈ തിന്മയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യേണ്ടത് ലോകജനതയുടെ സംസ്കാരികോന്നമനത്തിന് ആവശ്യകമാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വംശീയ വിവേചനം നമ്മുടെ വിശ്വാസത്തിന് കടകവിരുദ്ധമാണ്. യഹൂദരെയും ഗ്രീക്കുകാരെയും സമറിയാക്കാരെയുമെല്ലാം ദേശീയ, വംശീയ വ്യത്യാസങ്ങൾ ഒന്നും കൂടാതെ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായി കണ്ടാണ് ഈശോ ജീവിച്ചതും പ്രസംഗിച്ചതും പഠിപ്പിച്ചതും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ഈശോമിശിഹായിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3:28). അതിനാൽ, നമ്മിൽ നിന്ന് വംശീയ വിവേചനത്തിന്റെ ചിന്തകളോ സംസാരമോ

പ്രവൃത്തികളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തണം. എല്ലാ മനുഷ്യരെയും സഹോദരീസഹോദരന്മാരായി കണ്ട്, സഭയിലും സമൂഹത്തിലും കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുക്കണം.

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ സാമൂഹികമാനങ്ങളെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. കൊറോണക്കാലത്തും അതിനുശേഷം വരുന്ന വർഷങ്ങളിലും നാം ഉൽപ്പാദകരാകണം. വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയും വിധം രാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ പരിശ്രമിക്കണം. കൃഷിയാണ് പ്രഥമത പരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവകകളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശമുള്ള എല്ലാ സ്ഥലങ്ങളിലും കൃഷി ചെയ്യണം. ഒരിഞ്ചു കൃഷിഭൂമി പോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കണ്ടെത്തണം. ഐക്യരാഷ്ട്രസംഘടനയുടെ മുന്നറിയിപ്പു പ്രകാരം കഴിഞ്ഞ 50 വർഷങ്ങളിൽ അനുഭവപ്പെട്ടതിലും വലിയ ഒരു ക്ഷാമം ലോകം നേരിടാൻ പോവുകയാണ്. കേരളത്തിൽ ഉൽപദിപ്പിക്കുന്നവകൊണ്ടുതന്നെ നമുക്ക് ഭക്ഷിക്കാൻവേണ്ടവ ലഭിക്കുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഫ്ളാറ്റുകളിലും മറ്റും താമസിക്കുന്നവർക്കുപോലും ഗ്രോബാഗുകളിലും ടെറസുകളിലും കൃഷിചെയ്യാവുന്നതാണല്ലോ. ഇടവകകളുടെയും അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ വിപണികൾ തുറന്ന് കാർഷിക വിളകൾ ന്യായവിലയ്ക്കു എല്ലാവർക്കും ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നത് കൃഷിക്കാരുടെ അഭിവൃദ്ധിക്ക് ഉപകരിക്കും. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ രാജ്യങ്ങളിലും ഇതരരാജ്യങ്ങളിലും വിൽപനസാധ്യതയുള്ള വിളകളിലേയ്ക്ക് നാം കൃഷി തിരിച്ചു വിടണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസും അതോടൊപ്പം ഇൻഫാമും കൃഷിയുടെ രംഗത്ത് ജനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ആവശ്യമായ പദ്ധതികൾ

ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത് നന്നായിരിക്കും. ചെറുകിട വ്യവസായങ്ങളുടെയും ഫാക്ടറികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻഅവയുടെ ഉടമസ്ഥർ തീവ്രമായി പരിശ്രമിക്കണം.

കോവിഡ് കാലത്ത് വന്ന സാമ്പത്തിക മാന്ദ്യം അതിജീവിക്കുവാൻ മേൽപ്പറഞ്ഞ അക്ഷീണപരിശ്രമങ്ങൾ കൂടിയേ തീരു. അതോടൊപ്പം, കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ട് വയ്ക്കുന്ന കോവിഡാനന്തര സാമ്പത്തികോന്നമന പ്രവർത്തനങ്ങൾക്ക് നമുക്ക് പൂർണ്ണസഹകരണം നൽകാം. ഒരു ജനാധിപത്യ രാജ്യമെന്നനിലയിൽ പൊതുസമൂഹത്തിൽ ഉണ്ടാകാവുന്ന അഴിമതിക്കും ചൂഷണത്തിനുമെതിരെ നാമെല്ലാവരും ജാഗരൂകതയോടെ വർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ അനുവദിച്ചുകൂടാ. അത്തരം അനീതിപരമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നറിഞ്ഞാൽ പൊതുമനസാക്ഷിയെ തട്ടിയുണർത്തി അവയെ ഉന്മൂലനം ചെയ്യുവാൻ ജനാധിപത്യപരമായ നടപടികൾ നാം സ്വീകരിക്കണം.

ഈ ചിന്തകളെല്ലാം ക്രൈസ്തവ ജീവിതത്തിനു പുതിയൊരു രൂപവും ഭാവവും നൽകുവാൻ ഈ കാലഘട്ടത്തിൽ നമ്മെ സഹായിക്കുമെന്നു കരുതുന്നു. നമ്മുടെ ആദ്ധ്യാത്മികതയുടെ ആന്തരികതലങ്ങളും വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ തലങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷമൂല്യങ്ങൾക്ക് അനുസൃതമാക്കാൻ കോവിഡുകാലത്തും കോവിഡാനന്തര കാലത്തും തീവ്രമായി പരിശ്രമിക്കാം. മിശിഹായുടെ മുഖം നമ്മുടെ സഭാജീവിതത്തിലൂടെ സമൂഹത്തിൽ പ്രകാശിതമാക്കാം. വി. തോമാശ്ലീഹായെപ്പോലെ ദൈവവും മനുഷ്യനുമായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ച് സഭയുടെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ നമുക്ക് പങ്കുചേരാം.

ദൈവമേ സ്തുതി! ഈശോയേ സ്തുതി! പരിശുദ്ധാത്മാവേ സ്തുതി!

എല്ലാവർക്കും ദുക്റാനാതിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജൂൺ മാസം 17-ാം തീയതി നല്കപ്പെട്ടത്.



കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

NB: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ജൂൺ 28-ാംതീയതി ഞായറാഴ്ച കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

C. 17. **സർക്കുലർ**

# യുവജനദിനം 2020

**ജൂലൈ 5, ഞായർ**

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ 2020 ജൂലൈ 5-ാംതീയതി യുവജനദിനമായി ആചരിക്കുന്നു. കെസിബിസി യുവജനകമ്മീഷന്റെ പേരിലുള്ള എല്ലാവിധ പ്രാർത്ഥനാശംസകളും കേരളത്തിലെ എല്ലാ യുവജനങ്ങൾക്കും ഒത്തിരി സ്നേഹത്തോടെ നേരുന്നു.

കെസിബിസി യുവജനകമ്മീഷന്റെ ഭാഗമായ കെസിവൈഎം, ജീസസ് യൂത്ത്, സിഎൽസി, AICUF, മിജാർക്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കൊ യൂത്ത് എന്നീ യുവജന സംഘടനകളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അവരെ നയിക്കുന്ന വൈദികർ, സന്ന്യസ്തർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അഭിവാദനങ്ങൾ.

2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന യുവജന സിനഡിന്റെ വെളിച്ചത്തിലുള്ള 'ക്രിസ്തുസ് വിവിത്' (ക്രിസ്തു ജീവിക്കുന്നു) എന്ന പ്രബോധനരേഖയിൽ ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു: നിങ്ങൾ ദൈവത്തിന്റെ "ഇപ്പോൾ" ആകുന്നു. ക്രിസ്തു ജീവിക്കുന്നു... നിങ്ങൾ ജീവനുള്ളവരായിരിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. യുവജനം സഭയുടെ ഭാവിയല്ല മറിച്ച് അവർ സഭയുടെ വർത്തമാനകാലമാണ് എന്നാണ് പാപ്പാ അർത്ഥമാക്കുന്നത്.

സഭയ്ക്കും സമൂഹത്തിനും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷികളാകാൻ യുവജനങ്ങളെ ഒരുക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. കേരളസഭ ഈവർഷം

പ്രേഷിതവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന വേളയിൽ 'യുവത്വം, പ്രേഷിതത്വം, രക്തസാക്ഷിത്വം' എന്ന ആപ്തവാക്യത്തിൽ അടിസ്ഥാനപ്പെടുത്തിയാണ് യുവജനശുശ്രൂഷയുടെ കർമപരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഉപവിഷയങ്ങളായി മതേതരത്വവും ഭരണഘടനാ സംരക്ഷണവും, കാരിത്താസ് സമരിറ്റൻ, കലയും സംസ്കാരവും, നവമാധ്യമസംസ്കാരം എന്നിവയും തെരഞ്ഞെടുത്തിരിക്കുന്നു.

കോവിഡ്-19 എന്ന മഹാമാരി ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവാക്കളാണ് സഭയുടെ നട്ടെല്ല് എന്ന് അവർ തെളിയിച്ചിരിക്കുന്നു. മുൻവർഷങ്ങളിലെ ഓഖി, പ്രളയം എന്നീ ദുരന്തങ്ങളുടെ മുമ്പിൽ രക്ഷകരായി മാറിയവരിൽ യുവജനങ്ങളുടെ പങ്കും അഭിമാനത്തോടെ ഓർക്കുന്നു. കൊറോണ വൈറസ് ഭീതി വിതയ്ക്കുന്ന ഈ സമയത്ത് നമ്മുടെ യുവജനങ്ങൾ ചെയ്തതും ചെയ്യുന്നതുമായ സേവനങ്ങൾ നിരവധിയാണ്.

ലക്ഷക്കണക്കിനു മാസ്ക്കുകളുടെ നിർമ്മാണവും വിതരണവും ഭക്ഷണപ്പൊതികളുടെ വിതരണം, കമ്മ്യൂണിറ്റികിച്ചനിലെ പങ്കാളിത്തം, മരുന്നു വിതരണം, ആംബുലൻസ് സേവനം, ഹെൽപ്പ്ഡെസ്ക് രൂപീകരണം, രക്തദാനം, അവശ്യസാധനങ്ങളുടെ വിതരണം തുടങ്ങി തങ്ങളുടെ ജീവൻ പണയപ്പെടുത്തി യൗവനക്കാർ ചെയ്യുന്ന പ്രവർത്തനങ്ങളെ സഭ കാണുന്നു. ഹൃദയം തുറന്ന് അഭിനന്ദിക്കുന്നു. സർക്കാരിന്റെ നിർദേശങ്ങൾക്കനുസൃതമായി, സംസ്ഥാനതലത്തിലും രൂപതാ തലത്തിലും ഇടവകതലത്തിലും സന്നദ്ധസേനകൾ രൂപീകരിച്ചു. മനഃശാസ്ത്രകൗൺസിലിംഗ് ടീമിനെ സജ്ജമാക്കി. പ്രവാസികളുമായി നിരന്തരം ആശയവിനിമയം നടത്തി.

പള്ളികൾ അടഞ്ഞുകിടന്നപ്പോൾ ദിവ്യബലിയർപ്പണങ്ങളെ ഡിജിറ്റൽപ്ലാറ്റുഫോമിൽ ഏവർക്കും എത്തിക്കുവാൻ, ലൈവ് സ്ട്രീമുകൾ നടത്തുവാൻ, നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുവാനൊക്കെ യുവജനങ്ങൾക്ക് സാധിച്ചു. അതോടൊപ്പം ലോക്ഡൗൺ കാലത്ത് വീടിനുള്ളിൽ അടയ്ക്കപ്പെട്ടവർക്കുവേണ്ടി കലാവിനോദ മത്സരങ്ങൾ നടത്തി. ഭക്ഷ്യസ്വയം പര്യാപ്തതയ്ക്കായി 'ഹരിതം' എന്ന പേരിൽ

പച്ചക്കറികൃഷി പദ്ധതി നടപ്പിലാക്കി. ഈ പറഞ്ഞതിലും ഏറെക്കാര്യങ്ങൾ അവർ ചെയ്തുകൊണ്ടിരിക്കുന്നു. സർഗാത്മകതയുടെ വസന്തകാലമാക്കി ഈ കോവിഡ് കാലത്തെ മാറ്റുവാൻ സമൂഹമാധ്യമങ്ങളുടെ സാധ്യതകളെ ഉപയോഗപ്പെടുത്തിയ പ്രേഷിതരാണ് നമ്മുടെ യുവജനങ്ങൾ. അവരെ കേരളസഭയും സമൂഹവും ഹൃദയത്തോട് ചേർത്തുവെച്ച് അഭിനന്ദിക്കുകയും നന്ദിപറയുകയും ചെയ്യുന്നു.

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷ്ണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം തുടങ്ങിയകാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ പ്രേഷിതരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ രക്തസാക്ഷിത്വമായി കരുതി, കരുണാപൂർവം അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്.

രാഷ്ട്രീയ മണ്ഡലങ്ങളിൽ നേതൃത്വപാടവമുള്ള യുവജനങ്ങൾ മൂല്യാധിഷ്ഠിതമായി ഇടപെടേണ്ടതുണ്ട്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണസംസ്കാരത്തിന് വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം എന്നിവയൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാസമരം ചെയ്യണം. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബലവിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ളപ്പൊക്കദുരിതം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ

ശ്ലാഘനീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കുവാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടുംബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തിചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന ധീര പ്രേഷിതരാകാനും ധീരമായി നിലപാടുകളിൽ ഉറച്ചു നിന്നുകൊണ്ട് രക്തം ചിന്താനും നമ്മെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്യൂത്ത്, സിഎൽസി, മിജാർക്ക്, AICUF/യൂക്കരിസ്റ്റിയ, ഇദൈന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി, വേണ്ടിവന്നാൽ രക്തസാക്ഷികളായി മാറുവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

## C. 34/20 TRANSFER LIST 2020

### PARISH PRIESTS

| No. | Parish | Name of Priest |
|---|---|---|
| 1 | Anachal | Fr. Vincent Valiplackal |
| 2 | Anakulam | Fr. George Kochithara |
| 3 | Bethel | Fr. Zacharias Kummannuparampil |
| 4 | Chempakappara | Fr. Francis Chunayanmackal |
| 5 | Chembalam | Fr. John Chenamchirayil |
| 6 | Ellakkal | Fr. Mathew Tharamuttam |
| 7 | Erattayar | Fr. Jose Karivelickal |
| 8 | Georgiar | Fr. Joseph Vettickal |
| 9 | Kamakshi | Fr. Kurian Podiparackal |
| 10 | Kanchiyar | Fr. George Chakkankal |
| 11 | Kochukamakshi (Snehagiri) | Fr. Joseph Azhimughathu |
| 12 | Kozhimala | Fr. James Ambazhathinkal |
| 13 | Kunchithanny | Fr. Sebastian Kochupurackal |
| 14 | Kuthupara | Fr. Antony Palapulickal |
| 15 | Machiplavu | Fr. Emmanuel Kuthanappillil |
| 16 | Mailadumpara | Fr. Joseph Nadupadavil |
| 17 | Maniyarankudy | Fr. Sebastian Ambattukunnel |
| 18 | Manjappara | Fr. Joseph Kumarakathukalayil |
| 19 | Mankulam | Fr. Mathew Karottukocharackal |
| 20 | Mankuva | Fr. Kuriakose Mattam |
| 21 | Marayoor (Sahayagiri) | Fr. Joseph Velinjalil |

| | | |
|---|---|---|
| 22 | Mariyapuram | Fr. Jose Marattil |
| 23 | Maryland | Fr. Joseph Parakadavil (Jr.) |
| 24 | Mulakuvally | Fr. Antony Parakadavil |
| 25 | Munnar | Fr. Thomas Vadakkeenthottathil |
| 26 | Muttukadu | Fr. Joseph Vettukallel |
| 27 | Narakakkanam | Fr. Thomas Nechikattu |
| 28 | Pachady | Fr. Joseph Paimpillil |
| 29 | Palar | Fr. Jose Kavumkal |
| 30 | Pandippara | Fr. Mathew Puthuparambil |
| 31 | Panickankudy | Fr. Luke Anikuzhikattil |
| 32 | Ponnamala | Fr. Joseph Kochozhathil |
| 33 | Pottankadu | Fr. Joseph Kattakkayam |
| 34 | Rajapuram | Fr. Kuriakose Karakkattu |
| 35 | Thopramkudy | Fr. George Kollamparambil |
| 36 | Thovarayar | Fr. Sebastian Vadakkel |
| 37 | Vellathooval | Fr. Mathew Valavanal |
| 38 | Vellayamkudy | Fr. Thomas Maniyattu |
| 39 | Vimalagiri | Fr. James Parakadavil |
| 40 | Alpara | |
| | Vicar-in-Charge | Fr. Mathew Njavarakkattu |
| 41 | Alphonsa Nagar | |
| | Vicar-in-Charge | Fr. Joseph Thenammackal |
| 42 | Kuthirakkallu | |
| | Vicar-in-charge | Fr. Joseph Thottiyil |
| 43 | Vathikudy | |
| | Vicar-in-Charge | Fr. Thomas Thoompunkal |
| 44 | Vimalagiri-Pro-Vicar | Fr. Thomas Kulamackal |
| | Antopuram Vicar-in-charge | |
| 45 | Thokkupara-Pro-Vicar | Fr. Thomas Kattupalath |
| 46 | Karimala | Vicar, Sleevamala |

## ASSISTANT PARISH PRIESTS

| No. | Parish | Name of Priest |
|---|---|---|
| 47 | Adimaly | Fr. Joseph Vattapparayil |
| 48 | Chemmannar | Fr. Seabstian Elampurayidathil |
| 49 | Churuly | Fr. Thomas Kannamplackal |
| 50 | Ellakal | Fr. Joseph Kollikulavil |
| 51 | Ezhukumvayal | Fr. George Pallivathukkal |
| 52 | Kanjikuzhy | Fr. Joseph Pulickakunnel |
| 53 | Koompanpara | Fr. Abraham Kochuparambil |
| 54 | Kunchithanny | Fr. Joseph Ummikkunnel |
| 55 | Mankulam | Fr. Thomas Urumbil |
| 56 | Murickassery | Fr. Joseph Udayamparayil |
| 57 | Nedumkandam | Fr. Scaria Kaippayil |
| 58 | Parathodu | Fr. Joseph Kuttikkattu |
| 59 | Pazhayarikandam | Fr. Joseph Ayillukunnel |
| 60 | Rajakkadu | Fr. Thomas Menamthundathil |
| 61 | Rajakkadu II | Fr. Thomas Varakukalayil |
| 62 | Thopramkudy | Fr. Joseph Mekkunnel |
| 63 | Udayagiri | Fr. Joseph Mukkattukavumkal O.SS.T |
| 64 | Vazhathope | Fr. John Oorothu |
| 65 | Vellayamkudy | Fr. Sebastian Vettukallel |
| | | Fr. Joseph Zacharias OFM Cap |

## OTHER OFFICES

| No. | Office | Name of Priest |
|---|---|---|
| 66 | Vice-Chancellor and Assistant Procurator | Fr. Thomas Panjikunnel |
| 67 | Bursar, Mar Sleeva College | Fr. Alex Velacheril |

| | | |
|---|---|---|
| 68 | Animator, Young Priests | Fr. Sebastian Kochupurackal |
| 69 | Bursar and Warden, St. Mary's Central School, Rajakumary | Fr. Joseph Mathalikunnel |
| 70 | Director, High Land Tea Factory, Calvary Mount | Fr. Joseph Thenammackal |
| 71 | Director, Prayer Groups | Fr. Joseph Nadupadavil |
| 72 | Formator and Procurator, Minor Seminary | Fr. Joseph Thottiyil |
| 73 | Judicial Vicar | Fr. Jose Marattil |
| 74 | Kudumbakoottayma | Fr. Mathew Puthuparambil |
| 75 | Labour Movement | Fr. Emmanuel Kuthanappillil |
| 76 | Manager, Tea and Cardomom Estate, Calvary Mount | Fr. Jose Kunnumpuram |
| 77 | Temperance Movement | Fr. Luke Anikuzhikattil |
| 78 | Vice Rector, Minor Seminary | Fr. Francis Kuzhippillil |
| 79 | Director, DFC | Fr. Sebastian Ambattukunnel |
| 80 | Director, Professional Education | Fr. Jose Karivelickal |
| 81 | Retired, Vianney Home | Fr. Sebastian Edattel |
| 82 | Shamshabad Mission | Fr. John Kalloor |

## HIGHER STUDIES

| No. | Name of Priest | Course |
|---|---|---|
| 83 | Fr. Abraham Manimalakunnel | MA, Thevara |
| 84 | Fr. George Kuzhippillil (Jr.) | German Language Studies |
| 85 | Fr. James Ambazhathinkal | B.Ed., JPM College |

| | | |
|---|---|---|
| 86 | Fr. Joseph Puthiyaparambil | Formation Course, Alapuzha |
| 87 | Fr. Joseph Thengumthottathil | MTh, Bangalore |
| 88 | Fr. Joseph Varakil | MTh, Bangalore |
| 89 | Fr. Kuriakose Karakkattu | MA, Pavanatma College |
| 90 | Fr. Mathew Thakarappillil | German Language Studies |
| 91 | Fr. Sebastian Manackalettu | MSW |

*Bishop*

## C.35/20 THE REORGANIZED PROTO-PRESBYTERATES EPARCHY OF IDUKKI

### I. CHURULY

| | | | |
|---|---|---|---|
| 1. | Churuly | 2. | Alpara |
| 3. | Anakuzhy | 4. | Kanjikuzhy |
| 5. | Keerithodu | 6. | Thattekkanni |
| 7. | Makkuvally | 8. | Pazhayarikandam |
| 9. | Ponneduthan | 10. | Punnayar |
| 11. | Theresa Nagar | 12. | Venmony |

### II. ERATTAYAR

| | | | |
|---|---|---|---|
| 1. | Erattayar | 2. | Bethel |
| 3. | Chempakappara | 4. | Eattithope |
| 5. | Ezhukumvayal | 6. | Koombanmala |
| 7. | Kuzhikkanam | 8. | Ponnamala (Marykunnu) |
| 9. | Nankuthotty | 10. | Nazarathu Valley (Nalumukku) |
| 11. | Santhigram | 12. | Vazhavara |

### III. KOOMPANPARA

| | | | |
|---|---|---|---|
| 1. | Koompanpara | 2. | Adimaly |
| 3. | Ayiramekkar | 4. | Irumpupalam |
| 5. | Kallar | 6. | Machiplavu |

7. Mankadavu
8. Kambiline
9. Thokkupara
10. Valara
11. Vattayar

**IV. KUNCHITHANNY**

1. Kunchithanny
2. Anachal
3. Pottenkad
4. Ellakal
5. Pothupara
6. Maryland
7. Sengulam
8. Bisonvalley
9. Chithirapuram (Power House)
10. Muttukad
11. Periyakanal

**V. NEDUMKANDAM**

1. Nedumkandam
2. Alphonsagiri (Soolappara)
3. Chembalam
4. Kattakkala (Georgepuram)
5. Kallupalam
6. Karithodu
7. Kombayar
8. Manjappara
9. Manjappetty
10. Mavady
11. Mailadumpara
12. Pachady (Nazareth)
13. Palar
14. Pushpakandam
15. Rajappara
16. Thookkupalam

**VI. MANKULAM**

1. Mankulam
2. Anakulam
3. Alphonsapuram (Pampumkayam)
4. Georgiar
5. Kanthalloor
6. Korandikadu
7. Kurisupara
8. Munnar
9. Nettigudy
10. Nettimedu
11. Pallanadu
12. Rajamala
13. Sahayagiri
14. Vattavada
15. Viripara

## VII. MURICKASSERY

1. Murickassery
2. Rajapuram
3. Poomamkandam
4. Josepuram
5. Amalagiri
6. Vathikudy
7. Perinchamkutty
8. Rajamudy
9. Upputhodu
10. Kiliyarkandam

## VIII. PARATHODU

1. Parathodu
2. Chinnarnirappu
3. Inchathotty
4. Panamkutty
5. Kailasam
6. Mankuva
7. Mukkudam
8. Panickankudy
9. Thinkalkad

## IX. RAJAKAD

1. Rajakad
2. Edamattam
3. Josegiri
4. Chemmannar
5. Kanthippara
6. Karimala
7. Melechemmannar
8. Murickumthotty
9. Mullakkanam
10. Pallikkunnu
11. Pethotty
12. Pooppara
13. Rajakumari
14. Rajakumari North
15. Sleevamala
16. Vattappara

## X. THANKAMANY

1. Thankamany
2. Alphonsanagar
3. Deivammedu
4. Kanakakunnu
5. Kamakshi
6. Karikkumtholam
7. Nellippara
8. Neelivayal
9. Pandippara
10. Snehagiri

| | | | |
|---|---|---|---|
| 11. | Thopramkudy | 12. | Udayagiri |
| 13. | Velankanni Nagar | | |

## XI. VAZHATHOPE

| | | | |
|---|---|---|---|
| 1. | Vazhathope | 2. | Antopuram |
| 3. | Bhoomiyamkulam | 4. | Idukki |
| 5. | Karimpan | 6. | Kuthirakkallu |
| 7. | Lower Kulamavu | 8. | Maniyarankudy |
| 9. | Manchikavala | 10. | Mariyapuram |
| 11. | Mulakuvally | 12. | Painavu |
| 13. | Thannkikandam | 14. | Vimalagiri |

## XII. VELLATHOOVAL

| | | | |
|---|---|---|---|
| 1. | Vellathooval | 2. | Chelliampara |
| 3. | Kallarkutty | 4. | Kuthupara |
| 5. | Panniyarkutty | 6. | Ponmudy |

## XIII. VELLAYAMKUDY

| | | | |
|---|---|---|---|
| 1. | Vellayamkudy | 2. | Amalapuram |
| 3. | Calvary Mount | 4. | Konginipadavu (Jose Nagar) |
| 5. | Kanchiyar | 6. | Kozhimala |
| 7. | Mulakaramedu | 8. | Narakakkanam |
| 9. | Paduapuram | 10. | Pezhumkandam |
| 11. | Thovarayar | | |

*Bishop*

**C. 36/20** **തിരുനാൾ മംഗളങ്ങൾ**

| | |
|---|---|
| റവ. ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ | ജൂലൈ 3 |
| റവ. ഫാ. തോമസ് മണിയാട്ട് | ” |
| റവ. ഫാ. തോമസ് നെച്ചുകാട്ട് | ” |
| റവ. ഫാ. തോമസ് പഞ്ഞിക്കുന്നേൽ | ” |
| റവ. ഫാ. തോമസ് വട്ടമല | ” |

| | |
|---|---|
| റവ. ഫാ. തോമസ് തൈച്ചേരിൽ | ” |
| റവ. ഫാ. തോമസ് പുത്തൻപുരയിൽ | ” |
| റവ. ഫാ. തോമസ് പാറയ്ക്കൽ | ” |
| റവ. ഫാ. തോമസ് തൂമ്പുങ്കൽ | ” |
| റവ. ഫാ. തോമസ് വലിയമംഗലം | ” |
| റവ. ഫാ. തോമസ് കാട്ടുപാലത്ത് | ” |
| റവ. ഫാ. തോമസ് കുളമാക്കൽ | ” |
| റവ. ഫാ. തോമസ് രാമച്ചനാട്ട് | ” |
| റവ. ഫാ. തോമസ് പുത്തൂർ | ” |
| റവ. ഫാ. തോമസ് തുണ്ടത്തിൽ | ” |
| റവ. ഫാ. തോമസ് ശൗര്യാംകുഴി | ” |
| റവ. ഫാ. തോമസ് കുഴിയംപ്ലാവിൽ | ” |
| റവ. ഫാ. തോമസ് മംഗലത്ത് | ” |
| റവ. ഫാ. തോമസ് കാഞ്ഞിരംകുന്നേൽ | ” |
| റവ. ഫാ. തോമസ് മാറാട്ടുകുളം | ” |
| റവ. ഫാ. തോമസ് വടക്കേഈന്തോട്ടത്തിൽ | ” |
| റവ. ഫാ. തോമസ് വാഴയിൽ | ” |
| റവ. ഫാ. തോമസ് മേനംതുണ്ടത്തിൽ | ” |
| റവ. ഫാ. തോമസ് കണ്ണംപ്ലാക്കൽ | ” |
| റവ. ഫാ. തോമസ് ഉറുമ്പിൽ | ” |
| റവ. ഫാ. തോമസ് വരകുകാലായിൽ | ” |
| റവ. ഫാ. അലക്സ് വേലാച്ചേരിൽ | ജൂലൈ 09 |
| റവ. ഫാ. കുര്യാക്കോസ് മറ്റം | ജൂലൈ 15 |
| റവ. ഫാ. കുര്യാക്കോസ് ആറക്കാട്ട് | ” |
| റവ. ഫാ. കുര്യൻ പൊടിപാറയ്ക്കൽ | ” |
| റവ. ഫാ. കുര്യൻ കമുകുംമറ്റത്തിൽ | ” |
| റവ. ഫാ. ജയിംസ് മംഗലശ്ശേരിൽ | ജൂലൈ 25 |
| റവ. ഫാ. ജയിംസ് പാലക്കാമറ്റത്തിൽ | ” |
| റവ. ഫാ. ജയിംസ് പാറക്കടവിൽ | ” |

| | |
|---|---|
| റവ. ഫാ. ജയിംസ് പുന്നപ്ലാക്കൽ | ” |
| റവ. ഫാ. ജയിംസ് ശൗര്യാംകുഴി | ” |
| റവ. ഫാ. ജയിംസ് മാക്കിയിൽ | ” |
| റവ. ഫാ. ജയിംസ് പുത്തേട്ട് | ” |
| റവ. ഫാ. ജയിംസ് തെള്ളിയാങ്കൽ | ” |
| റവ. ഫാ. ജയിംസ് വലിയവീട്ടിൽ | ” |
| റവ. ഫാ. ജയിംസ് അമ്പഴത്തിങ്കൽ | ” |
| റവ. ഫാ. ജയിംസ് കാവുങ്കൽ | ” |
| റവ. ഫാ. ജയിംസ് പൊന്നമ്പേൽ | ” |
| റവ. ഫാ. ജെക്കബ് മങ്ങടാപ്പള്ളിൽ | ” |
| റവ. ഫാ. ജയിംസ് വട്ടക്കുന്നേൽ | ” |
| റവ. ഫാ. ജെക്കബ് വെള്ളക്കുളമ്പേൽ | ” |

*Bishop*

## CJ. 34/20 വിശ്വാസ പരിശീലന ക്ലാസുകൾ

വിശ്വാസ പരിശീലന ക്ലാസുകൾ ഓൺലൈൻ ആയി നടത്തുകയാണല്ലോ. രാവിലെ 9.30 ന് വി. കുർബാനയോടെയാണ് ക്ലാസുകൾ ആരംഭിക്കുന്നത്. വി. കുർബാന Iduki Vision, City Vission, HCN, Christujyothi Catechism You tube Channel എന്നിവിടങ്ങളിൽ ലഭ്യമാണ്. ഞായറാഴ്ച രാവിലെ 9.30 am ന് ആണ് ക്ലാസുകളുടെ വീഡിയോ, വി. കുർബാന എന്നിവ open ആക്കുക.

### ക്ലാസുകളുടെ Feed back

ഓരോ ക്ലാസിന്റെയും Feed back അതാതു ക്ലാസിന്റെ ചുമതലയുള്ള അദ്ധ്യാപകർ ഓരോ ബുധനാഴ്ചയും 7 pm ന് മുമ്പായി അവരവരുടെ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർക്ക് നൽകണം. ഹെഡ്മാസ്റ്റർമാർ ഓരോ വെള്ളിയാഴ്ചയും 7 pm ന് മുമ്പായി രൂപതാ കേന്ദ്രത്തിലേക്ക് Feed back നൽകേണ്ടതുണ്ട്. കുട്ടികളിൽ നിന്ന് Feed back ശേഖരിക്കുന്നതിൽ അദ്ധ്യാപ കർ പ്രത്യേകം ശ്രദ്ധ കാണിക്കുമല്ലോ. എങ്കിൽ മാത്രമേ നമുക്ക് ക്ലാസുകൾ വിജയകരമായി മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കുകയുള്ളു. Online Catechism ത്തിന് ആവശ്യമായ എല്ലാ വിശദാംശങ്ങളും വികാരിയച്ചന്മാരുടെയും ഹെഡ്മാസ്റ്റർമാരുടെയും ടീച്ചേഴ്സിന്റെയും ഗ്രൂപ്പിൽ ശനിയാഴ്ച നൽകുന്നതായിരിക്കും.

ബൈബിളിനെ അടിസ്ഥാനമാക്കി ''Biblios'' എന്ന പേരിൽ ഓൺലൈൻ വഴി ഒരു മത്സരം കുട്ടികൾക്കായി ആരംഭിച്ചിരി ക്കുന്നു. വെബ്സൈറ്റിൽ ബിബ്ളോസ് എന്ന ഹെഡിൽ ചോദ്യം ഉണ്ടാകും. ശരിയായ ഉത്തരം നൽകുന്നവരിൽ നിന്നും തിരഞ്ഞെ ടുക്കപ്പെടുന്ന മൂന്ന് കുട്ടികൾക്ക് സമ്മാനം നൽകുന്നതും അവരെ അടുത്ത ഞായറാഴ്ചയിലെ സൺഡേ സ്റ്റാറായി പ്രഖ്യാപിക്കുന്നതും ആയിരിക്കും.

## CJ. 35/20 മതാദ്ധ്യാപകർക്കുള്ള സ്റ്റഡിഫോറം

മതാദ്ധ്യാപകർക്കുള്ള സ്റ്റഡിഫോറം ഈ മാസം മുതൽ ആരംഭിക്കുന്നു. സ്റ്റഡിഫോറത്തിന് ആവശ്യമായ പഠനഭാഗം വാട്സ്ആപ്പിലൂടെ എല്ലാ മതാദ്ധ്യാപകർക്കും നൽകുന്നതാണ്. ഓരോ സൺഡേസ്കൂളിലെയും മതാദ്ധ്യാപകർ ഓൺലൈൻ വഴിയെങ്കിലും ഒത്തുകൂടി പഠനഭാഗം ചർച്ച ചെയ്യാൻ ശ്രമിക്കുമല്ലോ.

## CJ. 36/20 സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, വാർഷിക റിപ്പോർട്ട്

വാർഷിക റിപ്പോർട്ടും സ്റ്റാഫ് സ്റ്റേറ്റ്മെന്റും പൂരിപ്പിച്ച് ഉടനെത്തന്നെ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണമെന്ന് പ്രത്യേകം അറിയിക്കുന്നു. ക്രിസ്തുജ്യോതി വെബ്സൈറ്റിലേക്ക് ഡേറ്റകൾ എന്റർ ചെയ്യാത്ത ഇടവകകൾ എത്രയും പെട്ടെന്ന് അതു പൂർത്തിയാക്കണമെന്ന് അറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻലീഗ്

## CML 15/20 2020-2021 പ്രവർത്തനവർഷ ഉദ്ഘാടനം

2020-2021 പ്രവർത്തനവർഷം, ജൂൺ മാസം 7-ാം തിയതി രാജകുമാരി ദൈവമാതാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് ഇടുക്കി രൂപതാ അദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉദ്ഘാടനം ചെയ്ത വിവരം ഏവരും അറിഞ്ഞിരിക്കുമല്ലോ. നിലവിലെ പ്രത്യേക സാഹചര്യത്തിൽ ഈ വർഷത്തെ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ പതിവിൽ നിന്ന് വ്യത്യസ്ഥമായി നടത്തുന്നതിന് നമ്മൾ നിർബന്ധിതരായിരിക്കുകയാണ്. ദീർഘനാളത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് നിലവിലെ സാഹചര്യത്തിൽ സാധ്യമല്ലാത്തതിനാൽ കൊറോണയുടെ പശ്ചാത്തലത്തിൽ അതാത് മാസത്തെ പ്രവർത്തനങ്ങൾ ബുള്ളറ്റിൻ വഴി നിങ്ങളെ അറിയിക്കുന്നതായിരിക്കും.

## CML 16/20 "മിഷനെ അറിയാം, മിഷനറിയാകാം, മിഷൻലീഗിലൂടെ"

മിഷൻലീഗിന്റെ ഈ വർഷത്തെ പഠനവിഷയം **"മിഷനെ അറിയാം, മിഷനറിയാകാം, മിഷൻലീഗിലൂടെ"** എന്നതാണ്. ഈ പഠനവിഷയത്തെ അടിസ്ഥാനമാക്കി പ്രവർത്തനങ്ങൾ ശാഖയിൽ നടപ്പിലാക്കുമല്ലോ. ശാഖകളിലെ സാഹചര്യങ്ങളും സൗകര്യങ്ങളും പരിഗണിച്ച് മിഷൻ ചൈതന്യം നഷ്ടപ്പെട്ട് പോകാത്തവിധത്തിൽ ശാഖകൾക്ക് കൂടുതൽ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ മറ്റ് ശാഖകളിലേക്കും എത്തിക്കുന്നതിനായി രൂപതാ സമിതിയെ അറിയിക്കുമല്ലോ.

# കെ.സി.വൈ.എം.

## KCYM 14/20

ജൈവകൃഷി മേഖലയിൽ കൂടുതൽ യുവജനങ്ങളെ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ, കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന "ഹരിതം" പദ്ധതിയുടെ ഭാഗമായി മിതമായ നിരക്കിൽ ജൈവകൃഷി കിറ്റ് വിതരണം ചെയ്യുന്നു.

ഈ പദ്ധതി ഏറ്റെടുത്തുകൊണ്ട് കെ.സി.വൈ.എം. ഇടുക്കി രൂപത, രൂപതയിലെ കാർഷിക മേഖലയിൽ താല്പര്യം ഉള്ളവരെയും യുവജനങ്ങളെയും ഈ പ്രവർത്തനത്തിലേക്ക് ക്ഷണിക്കുന്നു.

10 ഗ്രോബാഗുകൾ, 5 തരം വിത്തുകൾ, 2 തരം ജൈവ കീടനാശിനി, ചാണകപ്പൊടി, ചകിരിച്ചോറ്, സീഡിംഗ് ട്രേ എന്നിവ അടങ്ങുന്ന കിറ്റാണ് വിതരണം ചെയ്യുന്നത്. കിറ്റ് ഒന്നിന് 115/- രൂപ ആണ് വില. ഒന്നാംഘട്ട വിതരണം ജൂണിൽ അവസാനിക്കും. ജൂലൈ 1 മുതൽ 15 വരെ രണ്ടാംഘട്ടം ഓർഡറുകൾ സ്വീകരിക്കും. ഓർഡറു

കൾ നൽകുമ്പോൾ തന്നെ കിറ്റിനുള്ള പെയ്മെന്റും ഓൺലൈൻ ആയോ അല്ലാതെയോ ചെയ്യേണ്ടതാണ്. അങ്ങനെ ഉള്ള ഓർഡറുകൾ മാത്രമേ സ്വീകരിക്കൂ.

കൂടുതൽ വിവരങ്ങൾക്ക് താഴെ നൽകിയിരിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടുക:

9961985293, 9495269265, 7909160902, 9961743534

# മാതൃവേദി

**MV 9/20 ട്രോഫികൾ**

കഴിഞ്ഞ വർഷം ബെസ്റ്റ് യൂണിറ്റിന് അർഹരായി ട്രോഫികൾ കരസ്ഥമാക്കിയവർ ഈ മാസം 30-ാം തിയതിയ്ക്കുള്ളിൽ ട്രോഫികൾ മാതൃവേദി ഓഫീസിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്.

**MV 10/20 ബൈബിൾ കൈയ്യെഴുത്ത് മത്സരം**

ഈ വർഷത്തെ ബൈബിൾ കൈയ്യെഴുത്ത് രജിസ്ട്രേഷന്റെ അവസാന തിയതി 2020 ജൂലൈ 30, ഇതിനു മുമ്പായി രജിസ്ട്രേഷൻ ഫോമുകൾ രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോമിനോടൊപ്പം ഇ-മെയിൽ അഡ്രസ്/വാട്സ്ആപ്പ് നമ്പർ കൂടി തരേണ്ടതാണ്.

- ❖ കൈയ്യെഴുത്ത് പ്രതികൾ സമർപ്പിക്കേണ്ട അവസാന തിയതി ഡിസംബർ 20.
- ❖ ഓരോ ഇടവകയിൽ നിന്നും അതാത് മേഖലകളിൽ ഡിസംബർ 25 ന് മുമ്പായി കൈയ്യെഴുത്ത് പ്രതികൾ എത്തിക്കേണ്ടതാണ്.

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂൺ 2020**

03 മുളകരമേട് ഇടവകയിൽ മ്ശംശാന മാത്യു തോട്ടപള്ളിക്ക് തിരുപ്പട്ടം നൽകി.

06 SABS പ്രോവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന സഭാവസ്ത്ര സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

09 ബിഷപ്സ് ഹൗസിൽ നടന്ന പ്രിസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷനായിരുന്നു.

13 CMC അടിമാലി പ്രോവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന സഭാവസ്ത്ര സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

14 മാർ എഫ്രേംസ് മൈനർ സെമിനാരിയിൽ എഫ്രേംസ് ഡേയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും പുതിയ അദ്ധ്യായന വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

15 ബിഷപ്സ് ഹൗസിൽ നടന്ന വിൻസെന്റ് ഡി പോൾ മീറ്റിംഗിൽ പങ്കെടുത്തു.

16 ഇരട്ടയാറിൽ വെച്ച് നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

19 മുരിക്കാശ്ശേരി പാവനാത്മ കോളേജ് ചാപ്പൽ പുനർകൂദാശ ചെയ്തു.

* ബിഷപ്സ് ഹൗസിൽ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ മ്യൂസിയം ഉദ്ഘാടനം ചെയ്തു.

20 മാർ എഫ്രേംസ് മൈനർ സെമിനാരിയിൽ മാതാവിന്റെ രൂപം വെഞ്ചരിച്ചു.

22-25 അടിമാലി ആത്മജ്യോതിയിൽ വച്ച് യുവ വൈദികരുടെ സെമിനാറിൽ സന്ദേശം നൽകി.

24 പഴയരികണ്ടം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ജോർദാനിയ മാമ്മോദീസായും ആദ്യകുർബാനയും പരികർമ്മം ചെയ്തു.

25 നാരകക്കാനത്ത് സ്നേഹവീട് കരുതൽസ്പർശം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചു നല്കിയ വീടുകൾ വെഞ്ചരിച്ചു.

# BISHOP'S ENGAGEMENTS

**ജൂലൈ 2020**

| | | |
|---|---|---|
| 01-02 | 09.30 am | വൈദികരുടെ സെമിനാർ, അടിമാലി |
| 04 | 09.00 am | വി. കുർബാന, മുരിക്കാശ്ശേരി |
| | 03.00 pm | വെഞ്ചരിപ്പ്, ഹൈറേഞ്ച് എക്സൽ (HDS) |
| 20 | 09.00 am | തിരുപ്പട്ടം, പാലാർ |
| 22 | 09.00 am | തിരുപ്പട്ടം, വെൺമണി |
| 23 | 09.30 am | തിരുപ്പട്ടം, രാജകുമാരി |

**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/07/2020

Reg. No. KL/IDK/08/19-21
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.



ജൂലൈ 16

# കർമ്മല മാതാവിന്റെ തിരുനാൾ

Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602